# സമഗ്ര ഗുണമേന്മ പദ്ധതി

## അക്കാദമിക് മാസ്റ്റർ പ്ലാൻ



## എ.എം.എൽ. പി സ്കൂൾ മരുതേരി



# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

# വർഷം

**അക്കാദമിക് മാസ്റ്റർ പ്ലാൻ**

2025-26

**മരുതേരി മാപ്പിള എൽ.പി.സ്കൂൾ**

# വിദ്യാലയം മികവിന്റെ കേന്ദ്രം

## കാഴ്ചപ്പാട്

വിദ്യാർത്ഥികളെ ആകർഷിക്കുന്ന വിദ്യാലയമായി എല്ലാ വിദ്യാലയങ്ങളും മാറേണ്ടതുണ്ട്. രസകരവും ആകർഷകവുമായ പഠനസമ്പ്രദായം, ഭൗതികസാഹചര്യങ്ങൾ എന്നിവ അത്തരത്തിൽ മെച്ചപ്പെടേണ്ടതുണ്ട്. ആകർഷകമായ ഒരു വിദ്യാലയാന്തരീക്ഷം ഒരുക്കണം. പഠനബോധന രീതികളിലും കാലാനുസൃതമായ മാറ്റം വരണം. കുട്ടികളുടെ സർഗപരമായ ശേഷികൾ വികസിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾക്ക് സ്കൂൾ സജ്ജമാകേണ്ടതാണ്. ICTസാധ്യതകൾ ഉപയോഗപ്പെടുത്തിയുള്ള പഠനസമ്പ്രദായം സ്വീകരിക്കണം. പ്ലാസ്റ്റിക് മാലിന്യങ്ങൾ വിദ്യാലയത്തിൽ നിന്ന് അകറ്റി നിർത്തണം. ഇങ്ങനെ എല്ലാതരത്തിലും കുട്ടികളുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതും ജനകീയ പങ്കാളിത്തത്തോടെ വികസന രംഗത്തേക്ക് കുടിക്കുന്നതുമായ ഒരു വിദ്യാലയമായി മാറുകയെന്നതാണ് ഈ വിദ്യാലയത്തിന്റെ വികസന കാഴ്ചപ്പാട്.

# പൊതുലക്ഷ്യങ്ങൾ

- ഓരോ ക്ലാസിലും കുട്ടി നേടേണ്ട ശേഷികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവങ്ങൾ ലഭിക്കുന്നതിനും സർഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ലഭിക്കുക.
- പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയത്തിൽ ഉറപ്പാക്കുക.
- ICT അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും പടിപടിയായി പൂർത്തീകരിക്കാൻ ശ്രമം നടത്തുക.
- കലാകായിക പ്രവൃത്തിപരിചയ മികവുകൾ ഉറപ്പുവരുത്തുന്നതിനാവശ്യായ പ്രവർത്തങ്ങൾ സംഘടിപ്പിക്കുക
- പഠനത്തിൽ പിന്നാക്കമുള്ള കുട്ടികളെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം ലഭ്യമാക്കുക
- ക്ലാസ് ലൈബ്രറി പഠനപ്രക്രിയയുടെ ഭാഗമാക്കുക.
- ലഘുപഠന യാത്രകൾ, ശില്പശാലകൾ തുടങ്ങിയവ സംഘടിപ്പിച്ച് പഠനം രസകരമാക്കുക.
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക.
- മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി വളർത്തിയെടുക്കുക.
- ജൈവവൈവിധ്യോദ്യാനം എന്ന ആശയം പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് നടപ്പിലാക്കാൻ ശ്രമം നടത്തുക.

# പദ്ധതി രൂപീകരണ പ്രക്രിയ

## മേഖല - ഭാഷ

### മുഖ്യലക്ഷ്യം

എല്ലാ കുട്ടികളും അവരുടെ ക്ലാസിനനുസരിച്ചുള്ള ഭാഷാ ശേഷികൾ നേടി എന്നുറപ്പുവരുത്തുക.

### ഉപലക്ഷ്യങ്ങൾ

യൂണിറ്റുമായി ബന്ധിപ്പിച്ച് സമഗ്രാസൂത്രണം. സൂക്ഷ്മാസൂത്രണം എന്നിവ സമയബന്ധിതമായി എല്ലാ കുട്ടികൾക്കും ഉറപ്പു വരുത്തുക.

വായന പരിപോഷിപ്പിക്കുന്നതിന് വൈവിധ്യമാർന്ന അവസരങ്ങളൊരുക്കുക.

## മേഖല - ഇംഗ്ലീഷ്

ഇംഗ്ലീഷ് ഭാഷാപഠനത്തിലെ അടിസ്ഥാനാശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അതുമറികടക്കാൻ പിന്തുണ നല്കുക.

ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ടുമനസ്സിലാക്കാനുമുള്ള കഴിവ് വികസിപ്പിക്കുക.

കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.

## ഗണിതം

അടിസ്ഥാശേഷി ഉറപ്പിക്കുക

ഗണിതപഠനത്തിൽ കുട്ടികൾക്ക് അഭിരുചി ഉണർത്തുക

ഗണിതപരമായി ബന്ധപ്പെട്ട കുട്ടികളുടെ പിന്നോക്ക അവസ്ഥ പരിഹരിക്കുക.

## പരിസരപഠനം

എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടുക.

ശാസ്ത്രമനോഭാവം ഉണ്ടാക്കുക.

പ്രകൃതി ഒരു പുസ്തകം എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് പഠനാനുഭവം നൽകുക.

## കല, കായികം

എല്ലാ കുട്ടികൾക്കും കായിക ക്ഷമത ഉറപ്പുവരുത്തുക

ജന്മസിദ്ധമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

മേഖല : അക്കാദമികം

പദ്ധതി : ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ

| വിഷയം | ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | ക്ലാസ് | ചുമതല |
|---|---|---|---|---|---|
| ഭാഷ | ഭാഷാപരമായ ശേഷി ഉറപ്പാക്കുക | പ്രീ ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>ലിപി ഉറപ്പിക്കൽ<br>അക്ഷര കാർഡ് നൽകൽ<br>പദകാർഡ്<br>പദനിർമ്മാണം<br>വാക്യനിർമ്മാണം<br>ചിത്രത്തിന് അടിക്കുറിപ്പ് നൽകൽ<br>ചിത്രം - കഥപറയൽ<br>ചിത്രം - കഥ എഴുതൽ<br>കഥ - ബാക്കി എഴുതൽ<br>ബാലമാസികകൾ - വായന<br>പിന്നാക്കകാർക്ക് പ്രത്യേക ക്ലാസ് | 4 മാസം<br>6 മാസം | 1, 2 | HM<br>Class Teacher<br>PTA |

പദ്ധതി : കുട്ടിയെ മികച്ച വായനക്കാരനാക്കുക

| വിഷയം | ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | ക്ലാസ് | ചുമതല |
|---|---|---|---|---|---|
| ഭാഷ | | പ്രീ ടെസ്റ്റ്<br>വായനയിൽ പിന്നോക്കക്കാരെ കണ്ടെത്തുന്നു.<br>വാക്കുകളും വാക്യങ്ങളും വായിപ്പിക്കൽ<br>ചിഹ്നങ്ങൾ മനസ്സിലാക്കാൻ ആംഗ്യപ്പാട്ടുകൾ, കഥാസന്ദർഭങ്ങൾ നൽകുന്നു.<br>വാക്കുകളി, വാചക നിർമ്മാണം, വായനക്കൂട്ടം രൂപീകരിക്കൽ. വായനാമൂല ഒരുക്കൽ. പത്രവായന. പുസ്തക പരിചയം. വായനാനുഭവം പങ്കുവെക്കൽ. വായന കുറിപ്പ് തയ്യാറാക്കൽ. പതിപ്പ് തയ്യാറാക്കൽ | 6 മാസം | 3, 4 | |

| വിഷയം | ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | ക്ലാസ് | ചുമതല |
|---|---|---|---|---|---|
| | | അക്ഷരം - ആവർത്തനം | | | |
| | | വീട്ടിലെ സാധന സാമഗ്രികൾ - പട്ടിക തയ്യാറാക്കുക. | | | |
| | | കേട്ടെഴുത്ത് നൽകലും തിരുത്തലും | | | |
| | | പത്രപരസ്യങ്ങൾ വായിക്കാം - എഴുതാം | | | |
| | | പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, നാടൻപാട്ടുകൾ - പറയാം - പാടാം | | | |
| | | എല്ലാ ക്ലാസുകളിലും ഓരോ പത്രം ക്ലിപ്പ് ചെയ്തിട്ട് വായിപ്പിക്കൽ | | | ക്ലാസ് ടീച്ചർ<br>പൂർവ്വ വിദ്യാർത്ഥികൾ |
| | സ്വതന്ത്ര വായന | മലയാള മധുരം | | | |
| | സ്വതന്ത്ര രചന | - സംയുക്ത ഡയറി | | | |
| | സ്വതന്ത്ര വായന, രചന | എന്റെ മലയാളം | ലക്ഷ്യം നേടുന്നവരെ | 3,4 | സൗമ്യ |
| | ഈണം, താളം, ഭാവം – | പാട്ടരങ്ങ് | | | |
| | ഭാവാത്മക വായന | റീഡേഴ്സ് തിയേറ്റർ | | | |

വിഷയം : ഗണിതം

പ്രശ്നം : ഗണിത പഠനത്തിൽ നിർദ്ദിഷ്ഠ ശേഷികൾ നേടാൻ പ്രയാസം നേരിടുന്നു. അടിസ്ഥാന ഗണിത ശേഷികളിൽ കുട്ടികൾ പിന്നാക്കം നിൽക്കുന്നു.

| വിഷയം | ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | ക്ലാസ് | ചുമതല |
|---|---|---|---|---|---|
| ഗണിതം | ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അടിസ്ഥാനാശയങ്ങൾ പട്ടികപ്പെടുത്തുന്നു. | 1 വർഷം | 1, 2, 3, 4 | SRG Convenor PTA |
| | | ചോദ്യാവലി ഉണ്ടാക്കുന്നു. | | | |
| | ഗണിതം ആസ്വദിക്കാൻ കഴിയുന്നതരത്തിലേക്ക് കുട്ടിയെ വളർത്തുക | പ്രി ടെസ്റ്റ് നടത്തുന്നു. | | | |
| | | മൂല്യനിർണ്ണയം | | | |
| | | ഫലം രേഖപ്പെടുത്തൽ | | | |
| | | പരിഹാരബോധന പ്രവർത്തന പാക്കേജ് | | | |
| | | സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ | | | |
| | | വർക്ക്ഷീറ്റ് തയ്യാറാക്കൽ | | | |
| | | ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | | | |
| | | ഗണിത ക്വിസ് | | | |
| | | ഗണിതപുസ്തകങ്ങൾ - രസകരമാക്കാൻ | | | |
| | | ഗണിത ക്ലബ്ബ് രൂപീകരണം | | | |
| | | ഗണിതശാസ്ത്രമേള | | | |
| | | പഠനോപകരണ നിർമ്മാണം | | 3, 4 | |
| | | മെട്രിക് മേള | | | |
| | | ഗണിത കിറ്റ് ഒരുക്കൽ - ഉപയോഗം | | | |
| | | ഗണിതം രസകരമാക്കാൻ - വിദഗ്ധരുടെ ക്ലാസുകൾ | | | |
| | | കണക്കിലെ കളികൾ | | | |

ect : English

e : Learners haven't acquired curriculum objectives

| ിഷയം | ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | ക്ലാസ് | ചുമതല |
|---|---|---|---|---|---|
| nglsih | ഇംഗ്ലീഷ് വായന മെച്ചപ്പെടാൻ സംസാരിക്കാൻ സ്വന്തമായി എഴുതുക | Pre Test | 1 വർഷം | 1 – 4 | ക്ലാസ് ടീച്ചർ PTA |
| | | Framing activities to address different level of learners | | | |
| | | worksheet | | | |
| | | English class using ICT | | | |
| | കൈയ്യക്ഷരം നന്നാവുക പദസമ്പത്ത് നേടുക | Rhymes day | | | |
| | | Raddles day | | | |
| | | One day One word | 1 | IV | Class Teacher |
| | | Sand tray activities | | | |
| | ഇംഗ്ലീഷിനോട് താല്പര്യ മുണ്ടാവുക. | Self introduction day | | | |
| | | English news reading | 1 വർഷം | | |
| | | Easy English | | | |
| | | GK Quiz | | | |
| | | English Assembly | | | |
| | പാഠപുസ്തക ങ്ങൾക്ക് അപ്പുറത്തേക്കുള്ള പഠനാന്തരീക്ഷം ഒരുക്കുക | English fest | | | |
| | | Memory test | | | |
| | | Authentic material album | | | |
| | | Skit day | | | |
| | | Words collection | | | |
| | | Language games | | | |
| | | Puzzles | | | |
| | | English Balasabha | | | |
| | | Reading cards | | | |

കാ - കല

| ഷയം | ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | ക്ലാസ് | ചുമതല |
|---|---|---|---|---|---|
| യികം | എല്ലാ കുട്ടികൾക്കും കായിക ക്ഷമത ഉറപ്പുവരുത്തുക | എക്സസൈസ് പരിശീലനം<br>Zumba Kids<br>തെരഞ്ഞെടുത്ത കുട്ടികൾക്ക് കായിക പരിശീലനം<br>ടാലന്റ് സെർച്ച് പരിപാടി<br>കായിക ശില്പശാല (പ്രാദേശിക പ്രതിഭകൾ) | 1 വർഷം | 1 - 4 | ക്ലാസ് ടീച്ചർ<br>PTA<br>കായിക സമിതി |
| | കലാപരമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക | നാടകശില്പശാല<br>പ്രാദേശിക ചിത്ര രചന<br>നാടൻപാട്ട് പരിശീലനം<br>വാർഷികോത്സവം<br>നൃത്തപഠനം<br>കഥ, കവിതാ ശില്പശാലകൾ | 1 വർഷം | 1 - 4 | ക്ലാസ് ടീച്ചർ<br>PTA |

ടാലന്റ് ലാബ് പ്രവർത്തനങ്ങൾ

| വിഷയം | ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | ക്ലാസ് | ചുമതല |
|---|---|---|---|---|---|
| | ജന്മസിദ്ധമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക | കഴിവ് കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.<br>സെമിനാർ<br>ശില്പശാലകൾ | 1 വർഷം | 1 - 4 | ക്ലാസ് ടീച്ചർ PTA |
| | കലയിലൂടെ പഠനം എളുപ്പത്തിൽ സ്വായത്തമാക്കുക നേതൃത്വ പാടവം വികസിപ്പിക്കുക | അതത് മേഖലകളിൽ പരിശീലനം നൽകുക.<br>പൂർവ്വ വിദ്യാർത്ഥികളുടെ വിഭവം പ്രയോജനപ്പെടുത്തുക.<br>കഥ, കവിത, നാടക ക്യാമ്പുകൾ<br>രക്ഷിതാക്കൾക്കും സമൂഹത്തിനും കാണാൻ അവസരം | | | പൂർവ്വ വിദ്യാർത്ഥികൾ |

ലൈബ്രറി വികസനവും ഉപയോഗവും

| വിഷയം | ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | ക്ലാസ് | ചുമതല |
|---|---|---|---|---|---|
| | ക്ലാസ് മുറിയിൽ ഒരു കൊച്ചു വായനശാല | വായനാ സൗഹൃദം<br>റീഡേഴ്സ് ക്ലബ്ബ് രൂപികണം | 1 വർഷം | | ക്ലാസ് ടീച്ചർ<br>PTA |
| | എഴുത്തിലും വായനയിലുമുള്ള പിന്നാക്കാവസ്ഥ പരിഹരിക്കുക | വായനാക്കുറിപ്പ് തയ്യാറാക്കൽ - വിലയിരുത്തൽ<br>പതിപ്പ് | | | |
| | വായനയിലൂടെ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുക. | | | | |

| വിഷയം | ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | ക്ലാസ് | ചുമതല |
|---|---|---|---|---|---|
| പരിസര പഠനം | 1 മുതൽ 4 വരെ ക്ലാസിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല. | പ്രീ ടെസ്റ്റ്<br>പരിഹാരബോധനം<br>പഠാസൂത്രണം<br>ജൈവവൈവിധ്യ പാർക്ക്<br>ഹൈടെക് ക്ലാസുകൾ<br>മൂല്യനിർണയ ചോദ്യങ്ങൾ നിർമ്മിക്കൽ<br>പഠനസമയം ഉപയോഗ യോഗ്യമായ പാഴ് വസ്തുക്കൾ കണ്ടെത്തി ശേഖരണം<br>പരീക്ഷണം | | | ക്ലാസ് ടീച്ചർ |
| | പ്രകൃതി സംരക്ഷണം | പ്രദേശത്തെ നിലവിലുള്ള സസ്യങ്ങളുടെ പ്രാധാന്യം കണ്ടെത്തുന്ന പ്രവർത്തനങ്ങൾ ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഭാഗമായി നൽകുന്നു.<br>ആഹാരം, ഔഷധം, തടി, ആവാസം എന്നിങ്ങനെ പ്രയോജനങ്ങളുടെ * അടിസ്ഥാനത്തിൽ തരം തിരിക്കുക | | | ക്ലാസ് ടീച്ചർ<br>എച്ച്.എം |
| | സസ്യസംരക്ഷണം | പഠനത്തിനായി നേരനുഭവങ്ങളൊരുക്കുന്നതിന് സ്കൂളിലും വീട്ടിലും കുട്ടികൾക്ക് കൃഷിയിലേർപ്പെടാൻ കൃഷിയിടങ്ങൾ ഒരുക്കണം. | | | കൃഷി ഓഫീസ്<br>പി.ടി.എ |
| | കൃഷി അനുഭവം | കൃഷിയുമായി ബന്ധപ്പെട്ട ഓരോ അനുഭവങ്ങളും പാഠഭാഗങ്ങളുമായും പഠനനേട്ടങ്ങളുമായും ബന്ധപ്പെടുത്തുക | | | |
| | സമീകൃതാഹാരം - | ഭക്ഷ്യമേള | | | |

## വ്യക്തിഗത ക്ലാസ് പി.ടി.എ

| വിഷയം | ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | ക്ലാസ് | ചുമതല |
|---|---|---|---|---|---|
| | സ്കൂൾ പ്രവർത്തനത്തിൽ രക്ഷാകർത്താവിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം വർധിപ്പിക്കുക<br><br>അധ്യാപക രക്ഷാകർതൃബന്ധം ശക്തിപ്പെടുത്തി കുട്ടികൾക്ക് അനായാസം ആക്കുന്നതിനുള്ള സാഹചര്യം രൂപപ്പെടുത്തുക<br><br>കുട്ടിയുടെ പഠനേട്ടവും പഠന പിന്നോക്കാവസ്ഥയും യഥാസമയം രക്ഷാകർത്താവിനെ ബോധ്യപ്പെടുത്തുക | ശനി, പൊതു അവധി ദിവസങ്ങളിൽ പി.ടി.എ നടത്തുക.<br><br>പേഴ്സൺ പി.ടി.എയുടെ എണ്ണം വർദ്ധിപ്പിക്കുക<br><br>രക്ഷാകർത്താക്കൾക്ക് മുൻകൂട്ടി നോട്ടീസ് നൽകുക<br><br>സമ്പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുന്ന ഫയലുകൾ സൂക്ഷിക്കുക, ക്ലാസ് പി.ടി.എ യിൽ പങ്ക് വെക്കുക. | 1 വർഷം | | ക്ലാസ് ടീച്ചർ<br><br>ക്ലാസ്തല കമ്മിറ്റി |

# ഉപസംഹാരം

തികച്ചും ഗ്രാമീണ മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനമാണ് മരുതേരി മാപ്പിള എൽ.പി. സ്കൂൾ. കുട്ടികളുടെ എണ്ണം കുറഞ്ഞ് തകർച്ചയുടെ വക്കിലായിരുന്ന വിദ്യാലയത്തെ പടിപടിയായുള്ള ചിട്ടയായ പ്രവർത്തനങ്ങളിലൂടെയാണ് ഇന്നത്തെ നിലയിലെത്തിച്ചത്. നാട്ടുകാരുടെയും രക്ഷിതാക്കളുടെയും വിദ്യാഭ്യാസ രംഗത്തെ ഉദ്യോഗസ്ഥരുടെയും നിർലോഭമായ പിന്തുണയാണ് സ്കൂളിന്റെ നിലവിലുള്ള ഉയർച്ചയ്ക്ക് കാരണമായത്. നാട്ടിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളും സന്നദ്ധസംഘടനകളും സ്കൂളിന്റെ കാര്യത്തിൽ എക്കാലവും ശ്രദ്ധചെലുത്തന്നു. എന്നാൽ അക്കാദമികമായും ഭൗതികമായും സ്കൂൾ ഇനിയും മുന്നേറേണ്ടതുണ്ട്. നിരവധി സൗകര്യങ്ങൾ ഇനിയും ഒരുക്കേണ്ടതുണ്ട്. ആകർഷകമായ ഒരു പൊതുവിദ്യാലയമായി മാറാൻ ആവശ്യമായ സഹായ സഹകരണങ്ങൾ സർക്കാരിന്റെയും പൂർവ്വ വിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും ഭാഗത്തുനിന്നുണ്ടാകുമെന്ന് പ്രതീക്ഷ പുലർത്തുകയാണ് സ്കൂൾ പി.ടി.എ. സമീപകാലത്ത് അത് സാധ്യമാകുമെന്ന് പ്രത്യാശിക്കാം.